**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഴ്ചയില്ലാത്തവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന കമ്പ്യൂട്ടറിൽ ടോക്കിംഗ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് അലവൻസും യാത്രാ ബത്തയും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1489/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 07.06.2013.

---

പരാമർശം:- 1. സ.ഉ.(സാധാ) 2602/10/തസ്വഭവ തീയതി, 06.08.2010.

2. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 25.11.2010 ലെ HO/2010-11/236 നമ്പർ കത്ത്.

3. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 27.04.2013 ലെ ഐ.കെ.എം./ജി.പി/3036/2013 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

4. പഞ്ചായത്ത് ഡയക്ടറുടെ 08.05.2013 ലെ ജെ4-34280/12 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ കാഴ്ചയില്ലാത്തവർക്കും പ്രയോജനപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഷിക പദ്ധതിയുടെ ഭാഗമായി കാഴ്ചയില്ലാത്തവർക്ക് നിബന്ധനകൾക്ക് വിധേയമായി ടോക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ച കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കുന്നതിന് പരാമർശം (1) ലെ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ടോക്കിംഗ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് TA/DA ഇനത്തിൽ ഒരു കമ്പ്യൂട്ടറിന് 1000/- രൂപ വീതം അനുവദിക്കണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറി പരാർശം (2) കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു.

ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരുടെ പരാമർശം (3), (4) കത്തുകളിലൂടെയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാഴ്ചയില്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന കമ്പ്യൂട്ടറിൽ ടോക്കിംഗ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് കമ്പ്യൂട്ടർ ഒന്നിന് 300/- രൂപ വീതം അലവൻസും, ജില്ലാ ആസ്ഥാനത്ത് നിന്നുള്ള യാത്രാബത്തയും (പരമാവധി കിലോമീറ്ററിന് 2/- രൂപ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പിലൂടെയോ, തനത് ഫണ്ട് / ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നുമോ കണ്ടെത്തി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ. ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ജനറൽ സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം - 695035
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ